I/80318/2023

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ശൂന്യവേതനാവധിക്കു ശേഷം ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടൻറായ ഡോ. നിത്യപ്രിയ.എസ്-ന് ജോലിയിൽ പുനഃ പ്രവേശിക്കുന്നതിനുള്ള നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കുറിപ്പ് നം. ഇ.ബി.3-15791/2023/ഡി.എച്ച്.എസ് തീയതി 05.09.2023

2. ഡോ. നിത്യപ്രിയ.എസ് സമർപ്പിച്ച അപേക്ഷ തീയതി 05.09.2023

**ഉത്തരവ് നം. ഇ.എ1-1026/2023/ആ.വ.ഡ തീയതി : 08-09-2023**

ആലപ്പുഴ പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സേവനത്തിലിരിക്കെ 01.09.2022 മുതൽ KSR Part 1 Appendix XII C പ്രകാരമുള്ള ശൂന്യ വേതന അവധിയിൽ പ്രവേശിച്ച ഡോ.നിത്യപ്രിയ.എസ്-ന്റെ അവധി കാലയളവ് 31.08..2023നു അവസാനിച്ചിരുന്നു. എന്നാൽ 05.09.2023ന് മാത്രമാണ് ടിയാരി ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകണമെന്ന് ആവശ്യപ്പെട്ടു അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി ടിയാരിയെ ജോലിയിൽ പുനഃ പ്രവേശിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ആയതിനാൽ ഡോ.നിത്യപ്രിയ.എസ്- നെ അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി, **കാസർഗോഡ് ജനറൽ ആശുപത്രിയിൽ** നിലവിലുള്ള ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ.നിത്യപ്രിയ.എസ്, 11.09.2023 തീയതിയ്ക്കകം ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് മെഡിക്കൽ ഓഫീസർക്കും സ്ഥാപന മേധാവിയ്ക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

Signed by
Dr Reena K J
Date: 08-09-2023 16:40:21

ഡോ. റീന.കെ.ജെ
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.നിത്യപ്രിയ.എസ്, ജൂനിയർ കൺസൾട്ടൻറ്, ഗൈനക്കോളജി

I/80318/2023

പകർപ്പ് : 1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ആലപ്പുഴ/ കാസർഗോഡ്

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പുളിങ്കുന്ന്/ ജനറൽ ആശുപത്രി, കാസർഗോഡ്

4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ

5. ഫയൽ/ കരുതൽ ഫയൽ.